(തുക കോടിയിൽ)

	വർഷം		
	2012 -13	2013-14	2014-15 (31-12-2014 വരെയുള്ള താത്കാലിക കണക്ക്)
കേന്ദ്രനികുതി വിഹിതം	68140.65	7468.68	5786.49
കേന്ദ്രധനസഹായം	3021.53	4138.21	4965.46
ആകെ	9862.18	11606.89	10751.95

2012-13 പദ്ധതിക്കാലത്തെ അപേക്ഷിച്ച് 2013-14 പദ്ധതിക്കാലത്ത് കേന്ദ്ര വിഹിതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

പ്ലാനിംഗ് ബോർഡ്-നടപ്പ് വർഷത്തെ പദ്ധതി അവലോകനം

57 (1455) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നടപ്പ് വർഷത്തെ പദ്ധതി പ്രവർത്തനം പ്ലാനിംഗ് ബോർഡ് അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വിവരിക്കാമോ ;

(ബി) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ എത്ര ശതമാനം ഓരോ വകുപ്പും 28-2-2015 വരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ബഡ്ജറ്റിൽ ലക്ഷ്യമിട്ട വരുമാനം ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉണ്ടായ കുറവെത്ര ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) നടപ്പുവർഷത്തെ പ്രഖ്യാപിത പദ്ധതികളിൽ എത്ര ശതമാനം ഈ വർഷം നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നടപ്പ് വർഷത്തെ പദ്ധതി പ്രവർത്തനത്തിന്റെ നിർവ്വഹണ പുരോഗതി 2015 ജനുവരി 31 വരെ അവലോകനം ചെയ്തിട്ടുണ്ട്. അതിൻപ്രകാരം 42 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്.

(ബി) 28-2-2015 വരെ ഓരോ വകുപ്പും ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) 2014-15 സാമ്പത്തിക വർഷം അവസാനിച്ചെങ്കിൽ മാത്രമേ റവന്യു വരുമാനം സംബന്ധിച്ച് അന്തിമ വിലയിരുത്തൽ സാധ്യമാവുകയുള്ളൂ.

(ഡി) മുഴുവൻ പദ്ധതികളും നടപ്പാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly